# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.259 . 20.12.2012 ൽ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.എം.എ.ബേബി :
ശ്രീ.വി.ചെന്താമരാക്ഷൻ :
ശ്രീ.എം.ഹംസ :
ശ്രീ.ഡോ.കെ.ടി.ജലീൽ :

ശ്രീ.പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം**

| | | | |
|---|---|---|---|
| എ) | ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത് സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | ബി) | സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് കീഴിലുള്ള കോളേജുകളിലെ ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിലെ പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിനും ഇവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ:ബി.ഹൃദയകുമാരി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടും ഇക്കാര്യത്തിലുള്ള ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിലിന്റെ ശുപാർശയും സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| സി) | മൂല്യനിർണ്ണയം വികേന്ദ്രീകരിച്ച് അതാത് സ്ഥാപനങ്ങൾക്ക് നടത്താം എന്ന വ്യവസ്ഥയെ അനുകൂലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | സി) | എല്ലാ സെമസ്റ്ററുകളുടേയും അവസാനം സർവ്വകലാശാലകൾ തയ്യാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷ നടത്തുകയും ഒന്ന്, മൂന്ന് അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണ്ണയം അതാത് സ്ഥാപനങ്ങൾക്ക് നടത്തുന്നതിനും രണ്ട്, നാല്, ആറ് സെമസ്റ്ററുകളിലെ പരീക്ഷാ പേപ്പറുകൾ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തണമെന്നുള്ള റിപ്പോർട്ടിലെ നിർദ്ദേശവും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഇതിന്മേലുള്ള അഭിപ്രായം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (ഡി) (ഇ) & എഫ്) | |
| ഇ) | അദ്ധ്യാപക സംഘടനകൾ ഇത് സംബന്ധിച്ച് എതിർപ്പ് അറിയിച്ചിരുന്നോ ; | | സർവ്വകലാശാലകളും അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തി ചോയ്സ് അടിസ്ഥാനത്തിലുള്ള ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. |
| എഫ്) | അവ പരിഗണിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമോ ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ